2024
JANUARY
02
MONDAY
Special Issue-e Paper

# സൊസൈറ്റി ടുഡേ

E-mail: societytodaynews@gmail.com

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഡോക്ടറുടെ കുറിപ്പില്ലാതെയുള്ള ആന്റിബയോട്ടിക്ക് ഉപയോഗം നിർത്തലാക്കും

തിരുവനന്തപുരം: ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയുള്ള ആന്റിബയോട്ടിക് ഉപയോഗം 2024ൽ പൂർണമായും നിർത്തലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.2024ൽ കേരളത്തിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളെയും ആന്റിബയോട്ടിക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം. എല്ലാ പഞ്ചായത്തുകളെയും ആന്റിബയോട്ടിക് സാക്ഷര പഞ്ചായത്തുകളാക്കി മാറ്റും. ഹബ്ബ് ആന്റ് സ്പോക്ക് മാതൃക ഇല്ലാത്ത 3 ജില്ലകളിൽ കൂടി ഹബ്ബ് ആന്റ് സ്പോക്ക് മാതൃക വ്യാപിപ്പിക്കും. കാർസ്നെറ്റ് എ.എം.ആർ. ശൃംഖല 40 ആശുപത്രികളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഈ വർഷം കൂടുതൽ ആശുപത്രികളിൽ വ്യാപിപ്പിക്കും. പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം രാജ്യത്തെ രണ്ടാമത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറി. 2023 അവസാനം രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രത്തെ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനാണ് ലക്ഷ്യമിടുന്നത്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് മാർഗനിർദേശ പ്രകാരം 10 ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്ന ആശുപത്രികളേയാണ് ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളായി പ്രഖ്യാപിക്കുന്നത്.ആരോഗ്യ വകുപ്പ് ഈ വർഷം കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചിട്ടുള്ള വിഷയമാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസുമായി ബന്ധപ്പെട്ടുള്ളത്. ലോകാരോഗ്യ സംഘടന എ.എം.ആറിനെ ഇതിനോടകം തന്നെ വിശേഷിപ്പിച്ചത് നിശബ്ദ മഹാമാരി എന്നാണ്. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ആരോഗ്യ വകുപ്പ് എ.എം.ആറിനെതിരെ നേരത്തെ തന്നെ സംസ്ഥാനത്ത് പ്രവർത്തനം ശക്തമാക്കിയിരുന്നു. ഡോക്ടറുടെ കുറിപ്പ് ഇല്ലാതെ ആന്റിബയോട്ടിക്കുകൾ വാങ്ങി കഴിക്കുക, തെറ്റായ ക്രമങ്ങളിൽ ആന്റിബയോട്ടിക്കുകൾ കഴിക്കുക, ആന്റിബയോട്ടിക്കുകൾ അനാവശ്യമായി കുറിക്കുകയും ഉപയോഗിക്കുകയും ചെയ്യുക തുടങ്ങിയവയിലൂടെ ഉണ്ടാകുന്ന ഗുരുതരമായിട്ടുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും പൊതുബോധം ഉയർത്തുന്നതിന് വേണ്ടി പ്രവർത്തനങ്ങൾ നടന്നു വരുന്നുവെന്നും മന്ത്രി പറഞ്ഞു.

## ജിഎസ്ടി സമാഹരണം

# 12% വാർഷിക വളർച്ചാ നിരക്ക്

**ന്യൂഡൽഹി:** 2023 ഏപ്രിൽഡിസംബർ കാലയളവിൽ, മൊത്ത ജിഎസ്ടി സമാഹരണം 12% വാർഷിക വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. മുൻവർഷത്തെ ഇതേ കാലയളവിൽ (ഏപ്രിൽ–ഡിസംബർ 2022) സമാഹരിച്ച 13.40 ലക്ഷം കോടിയിൽ നിന്ന് 14.97 ലക്ഷം കോടി രൂപയിലെത്തി.ഈ വർഷത്തെ ആദ്യ 9 മാസ കാലയളവിലെ ശരാശരി പ്രതിമാസ മൊത്ത ജിഎസ്ടി ശേഖരം ?1.66 ലക്ഷം കോടി രൂപ 12% വർധനയെ പ്രതിനിധീകരിക്കുന്നു. ഇത് ’23 സാമ്പത്തിക വർഷത്തിന്റെ അതേ കാലയളവിൽ ശരാശരിയായ 1.49 ലക്ഷം കോടിയായിരുന്നു.2023 ഡിസംബറിലെ മൊത്തം ജിഎസ്ടി വരുമാനം 1,64,882 കോടിയാണ്. അതിൽ സിജിഎസ്ടി 30,443 കോടി, എസ്ജിഎസ്ടി 37,935 കോടി, ഐജിഎസ്ടി 84,255 കോടി (ചരക്കുകളുടെ ഇറക്കുമതിയിൽ നിന്ന് ശേഖരിച്ച 41,534 കോടി ഉൾപ്പെടെ), സെസ് 12,249 കോടിയാണ് (ചരക്കുകളുടെ ഇറക്കുമതിയിൽ നിന്ന് ശേഖരിച്ച 1,079 കോടി ഉൾപ്പെടെ). 1.60 ലക്ഷം കോടി രൂപയിലധികം സമാഹരണവുമായി ഈ വർഷത്തെ ഏഴാം മാസമാണ് ഇത് എന്നത് ശ്രദ്ധേയമാണ്.ഐജിഎസ്ടിയിൽ നിന്ന് 40,057 കോടി രൂപ സിജിഎസ്ടിയിലേക്കും 33,652 കോടി രൂപ എസ്ജിഎസ്ടിയിലേക്കും സർക്കാർ തീർപ്പാക്കി. വ്യവസ്ഥിതമായ തീർപ്പാക്കലിന് ശേഷം 2023 ഡിസംബർ മാസത്തിൽ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ആകെ വരുമാനം സിജിഎസ്ടിക്ക് 70,501 കോടി രൂപയും എസ്ജിഎസ്ടിക്ക് 71,587 കോടി രൂപയുമാണ്.2023 ഡിസംബർ മാസത്തെ വരുമാനം കഴിഞ്ഞ വർഷം ഇതേ മാസത്തെ ജിഎസ്ടി വരുമാനത്തേക്കാൾ 10.3% കൂടുതലാണ്. ഈ മാസത്തിൽ, ആഭ്യന്തര ഇടപാടുകളിൽ നിന്നുള്ള വരുമാനം (സേവനങ്ങളുടെ ഇറക്കുമതി ഉൾപ്പെടെ) കഴിഞ്ഞ വർഷം ഇതേ മാസത്തെ ഈ ഉറവിടങ്ങളിൽ നിന്നുള്ള വരുമാനത്തേക്കാൾ 13% കൂടുതലാണ്.




## രാജ്യത്ത് വൈദ്യുത വാഹന വിൽപ്പനയിൽ വർധനവ്

**കൊച്ചി:** ഇന്ത്യയിൽ വൈദ്യുത വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന സ്വീകാര്യത രാജ്യത്തെ ഓട്ടോമോട്ടീവ് രംഗത്ത് പുരോഗമനപരമായ മറ്റൊരു മാറ്റംകൂടി അടയാളപ്പെടുത്തുന്നു. വൈദ്യുത വാഹനം വാങ്ങുന്നവരിൽ സ്ത്രീകളുടെ എണ്ണത്തിലും ഗണ്യമായ വർധനവാണ് പ്രകടമാകുന്നത്. നൂതനമായ മുന്നേറ്റങ്ങളിലൂടെയും സുസ്ഥിരമായ ചലനാത്മകതയ്ക്കുള്ള പ്രതിബദ്ധതയിലൂടെയും ടാറ്റ മോട്ടോഴ്സ് ഇവി വൈദ്യുത വാഹന വിപണിയിൽ പുതിയ മുന്നേറ്റങ്ങൾക്കാണ് വഴിതെളിച്ചത്. വാർഷാവർഷ വിൽപ്പന കണക്കുകളിൽ ശ്രദ്ധേയമായ വളർച്ച കൈവരിക്കാനും ടാറ്റ മോട്ടോഴ്സിന് സാധിച്ചു. 2023 സാമ്പത്തിക വർഷത്തിൽ 48,000ലധികം വൈദ്യുത വാഹനങ്ങളാണ് ടാറ്റ മോട്ടോഴ്സ് വിറ്റഴിച്ചത്. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ മാത്രം ഇതിനകം 37,000ലധികം യൂണിറ്റുകളുടെ വിൽപ്പന പൂർത്തിയാക്കി. ഇത് വൈദ്യുത വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ഡിമാൻഡ് വ്യക്തമാക്കുന്നു. ടാറ്റ ഇവിയുടെ സമീപകാല ഡാറ്റ, അനലിറ്റിക്സ്, ഉപഭോക്തൃ പ്രതികരണങ്ങൾ എന്നിവ വാഹന വിപണിയെ പുനർനിർമ്മിക്കുന്ന വിവിധ ഘടകങ്ങളാൽ നയിക്കപ്പെടുന്ന ശ്രദ്ധേയമായ വിജയത്തിലേക്കും ഇവികളോടുള്ള വർദ്ധിച്ചുവരുന്ന താൽപ്പര്യത്തിലേക്കും വെളിച്ചം വീശുന്നു. ടിയാഗോ ഇവി വാങ്ങുന്നവരിൽ 22 ശതമാനം സ്ത്രീകളാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇത് കാറുകളുടെ ആകെ ശരാശരിയുടെ ഇരട്ടിയോളം വരും.




ഇലക്ട്രിക് വാഹന സാങ്കേതിക വിദ്യയിലെ നൂതന സവിശേഷതകളും പുരോഗതിയും, ഇവി പ്രവർത്തിപ്പിക്കുന്നതിന്റെ ചിലവ്ഫലപ്രാപ്തിയും, സുസ്ഥിരവും നൂതനവുമായ ഗതാഗത പരിഹാരങ്ങൾ തേടുന്ന സ്ത്രീകൾക്ക് ആകർഷകമായ ഒരു ഓപ്ഷനാക്കി മാറ്റി. ഇത് സ്ത്രീകളിൽ ഇവികൾ വാങ്ങുന്നതിന് താൽപര്യം വർധിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്.ടാറ്റ മോട്ടോഴ്സിന്റെ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്ന സ്ത്രീകളിൽ 19 ശതമാനവും ആദ്യമായി കാർ വാങ്ങുന്നവരാണ്. തങ്ങളുടെ പ്രാരംഭ ഓട്ടോമോട്ടീവ് അനുഭവത്തിനായി ഇലക്ട്രിക് മൊബിലിറ്റിയിലേക്ക് മാറുന്ന സ്ത്രീകൾക്കിടയിൽ വളരുന്ന വിപണി വിഭാഗത്തെ ഇത് സൂചിപ്പിക്കുന്നു. ടാറ്റ മോട്ടോഴ്സിന്റെ മൊത്തം ഇവി വാങ്ങുന്നവരിൽ 22 ശതമാനം സ്ത്രീകളാണ്; ഈ കണക്ക് ടാറ്റ ഇവികളുടെ ഉൾച്ചേർന്ന ആകർഷണം കാണിക്കുന്നു, ആനുകൂല്യങ്ങളും സവിശേഷതകളും സ്ത്രീ ഉപഭോക്താക്കളിൽ ശക്തമായി പ്രതിധ്വനിക്കുന്നുണ്ടെന്ന് ഊന്നിപ്പറയുന്നു. വിവിധ മുൻഗണനകളും ആവശ്യകതകളും നിറവേറ്റുന്ന ടാറ്റ മോട്ടോഴ്സിന്റെ വൈവിധ്യമാർന്ന ഇവികൾ, സ്ത്രീ വാങ്ങുന്നവർക്കിടയിൽ ഈ പ്രശംസനീയമായ വിപണി വിഹിതം കൈവരിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു.



# നവകേരള സദസ്: തൃക്കാക്കരയിൽ ലഭിച്ചത് 2614 നിവേദനങ്ങൾ

**കൊച്ചി:** മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങളുമായി സംവദിക്കുന്ന തൃക്കാക്കര മണ്ഡലതല നവകേരള സദസിൽ 2614 നിവേദനങ്ങൾ ലഭിച്ചു. 29 കൗണ്ടറുകളാണ് നിവേദനങ്ങൾ സ്വീകരിക്കാൻ നവകേരള സദസ് വേദിക്ക് സമീപം ഒരുക്കിയത്.സ്ത്രീകൾ, വയോജനങ്ങൾ, സ്ത്രീകൾ, പുരുഷന്മാർ എന്നിങ്ങനെ പ്രത്യേകം കൗണ്ടറുകൾ ഒരുക്കിയിരുന്നു. ഭിന്നശേഷിക്കാർ, വയോജനങ്ങൾ അഞ്ചു വീതവും സ്ത്രീകൾക്ക് 10, പുരുഷന്മാർക്ക് ഒൻപത് വീതവുമാണ് കൗണ്ടറുകൾ സജ്ജീകരിച്ചത്.കാക്കനാട് കളക്ടറേറ്റ് പരേഡ് ഗ്രൗണ്ടിൽ സജ്ജീകരിച്ച വേദിയിൽ സദസ് ആരംഭിക്കുന്നതിന് മൂന്ന് മണിക്കൂർ മുൻപ് മുതൽ കൗണ്ടറുകൾ പ്രവർത്തനം ആരംഭിച്ചിരുന്നു. ലഭിച്ച നിവേദനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി സമയബന്ധിതമായി നടപടികൾ സ്വീകരിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** ആലുവ താലൂക്ക് മിനി സിവിൽ സ്റ്റേഷനിൽ 202425 കാലയളവിലേക്ക് കാന്റീൻ നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. മിനിമം വാർഷിക വാടക 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. സെക്യൂരിറ്റി തുക 30,000 രൂപ(മുപ്പതിനായിരം രൂപ മാത്രം) രൂപയായി നിശ്ചയിച്ചിരിക്കുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 9 ഉച്ച തിരിഞ്ഞ് 3 വരെ.

## എന്യൂമറേറ്റർ താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം ജില്ലയിലെ പട്ടികവർഗ്ഗ ഊരുകളുടെയും വ്യക്തികളുടെയും സമഗ്രവികസനം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് മൈക്രോപ്ലാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രാഥമിക ഘട്ടമായ ഫിൽഡ്തല വിവരശേഖരണത്തിനുള്ള എന്യൂമറേറ്റർമാരെ താത്കാലികാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിന് പ്ലസ് ടു അല്ലെങ്കിൽ അതിന് മുകളിൽ യോഗ്യതയും സാങ്കേതിക കഴിവും ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മൊബൈൽ ആപ്പ് ഉപയോഗിച്ച് നടത്തുന്ന ഇസർവ്വേയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമിശാസ്ത്ര ലൊക്കേഷൻസ് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉപയോഗപ്പെടുത്തുന്നതിനാൽ എന്യൂമറേറ്ററായി തിരഞ്ഞെടുക്കുന്നവർക്ക് ആൻഡ്രോയിഡ് ഫോൺ ഉപയോഗിക്കുന്നതിനുള്ള പ്രാവീണ്യം ഉായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന എന്യൂമറേറ്റർക്ക് വിവര ശേഖരണം നടത്തുന്നതിന് വീട് ഒന്നിന് 80 രൂപ നിരക്കിൽ വേതനം അനുവദിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷ, വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യത മുൻ പരിചയവും എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജനുവരി 10 നകം മുവാറ്റുപുഴ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്. ആലുവ, ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04852970337, 9496070337 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

# നവകേരള സദസ്: പിറവം മണ്ഡലത്തിൽ ലഭിച്ചത് 3063 നിവേദനങ്ങൾ

**പിറവം:** നവകേരള നിർമിതിയുടെ ഭാഗമായി മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുത്ത പിറവം മണ്ഡലതല നവകേരള സദസിൽ 3063 നിവേദനങ്ങൾ ലഭിച്ചു. 26 കൗണ്ടറുകളാണ് നിവേദനങ്ങൾ സ്വീകരിക്കാൻ മണ്ഡലത്തിലെ നവകേരള സദസ് വേദിക്ക് സമീപം ഒരുക്കിയിരുന്നത്.സ്ത്രീകൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കുമായി പ്രത്യേകം കൗണ്ടറുകൾ ഉായിരുന്നു. പിറവം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിൽ ഒരുക്കിയ വേദിയിൽ ഉച്ചയ്ക്ക് ര് മുതൽ പരാതികൾ സ്വീകരിക്കാൻ കൗണ്ടറുകൾ പ്രവർത്തനം ആരംഭിച്ചിരുന്നു. ലഭിച്ച പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി സമയബന്ധിതമായി നടപടികൾ സ്വീകരിക്കും.

# സമസ്ത മേഖലയിലും പുരോഗതി കൈവരിക്കാൻ സംസ്ഥാനത്തിനായി: മുഖ്യമന്ത്രി



**കൊച്ചി:** സമസ്ത മേഖലയിലും പുരോഗതി കൈവരിക്കാൻ ഏഴര വർഷത്തിനിടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൃക്കാക്കര മണ്ഡലതല നവ കേരള സദസ്സിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2016 നു മുൻപ് അന്നത്തെ സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം സർവ്വ മേഖലയിലും പിന്നിലായിരുന്ന സംസ്ഥാനം അതിനുശേഷം വലിയ വികസനത്തിന് സാക്ഷ്യം വഹിച്ചു.2023ൽ എത്തിനിൽക്കുമ്പോൾ ആഭ്യന്തര വളർച്ചാ നിരക്ക് 8 ശതമാനമായി വർധിപ്പിക്കാൻ സാധിച്ചു. ആഭ്യാന്തര വളർച്ച നിരക്ക് വർദ്ധിപ്പിച്ച സംസ്ഥാനങ്ങളെ പരിശോധിക്കുമ്പോൾ കേരളം ഒട്ടും പിന്നിലല്ല. 26 ശതമാനമായിരുന്ന തനത് വരുമാനം 41 ശതമാനമായി വർധിപ്പിച്ചു. 2016ൽ നിന്ന് 2023ൽ എത്തിയപ്പോൾ പ്രതിശീർഷ വരുമാനം 80,000 കോടി രൂപയാണ് വർധിപ്പിച്ചത്. നികുതി വരുമാനത്തിൽ 23,000 കോടി രൂപയുടെ വർധന ഉണ്ടായി.ഇത്രയധികം പുരോഗതിയോടെ മുന്നോട്ടുപോകുന്ന സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ കാരണം കേന്ദ്ര സർക്കാരിന്റെ ഇടപെടലുകളാണ്. ആകെ ചിലവിൽ 71 ശതമാനം സംസ്ഥാനം വഹിക്കുന്ന സ്ഥിതിയാണ് നിലവിൽ. കേന്ദ്ര വിഹിതം 29 ശതമാനമായി വെട്ടിക്കുറച്ചു. കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാനം പൂർത്തിയാക്കുകയും പൂർത്തിയായതിനു ശേഷം കേന്ദ്രം വിഹിതം നൽകുക എന്ന വ്യവസ്ഥ ഇന്ന് പാലിക്കുന്നില്ല. ഇതിന് പുറമെയാണ് സംസ്ഥാനത്തിന് കടം വാങ്ങാനുള്ള അവകാശം വെട്ടിക്കുറച്ചത്. കടം വാങ്ങാനുള്ള അവകാശം ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്കുണ്ട്. കടമെടുക്കുന്നതിന്റെ പരിധി വെട്ടിക്കുറക്കുന്ന കേന്ദ്രത്തിന്റെ ഭരണഘടന വിരുദ്ധ നിലപാടിനെയാണ് കേരളം സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നത്. കേന്ദ്രത്തിന്റെ ഈ വികസനവിരുദ്ധ നിലപാടുകൾക്കെതിരെ സർക്കാരിനോട് ചേർന്ന് നിൽക്കേണ്ട പ്രതിപക്ഷം പ്രതിഷേധ ശബ്ദം ഉയർത്തുന്നില്ല. സംസ്ഥാനത്തിന്റെ ഈ പ്രശ്നത്തിൽ പ്രതിപക്ഷം വേണ്ട പിന്തുന്ന നൽകുന്നില്ല. കേരളം തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ മാനസികാവസ്ഥയിൽ തന്നെയാണ് കോൺഗ്രസും യു.ഡി.എഫും. ഇതിനെതിരെ ശബ്ദമുയർത്താൻ കേരളത്തിൽ നിന്നുള്ള യു.ഡി.എഫ് എം.പിമാർ ശ്രമിക്കുന്നില്ല.നവ കേരള സദസ്സ് ജനങ്ങൾ നെഞ്ചേറ്റി കഴിഞ്ഞു. നാടിന്റെ ഭാവി വികസനത്തിന് ജനങ്ങളുടെ ആശയങ്ങൾ പരിഗണിച്ചുകൊണ്ട് മുന്നോട്ടുപോകുക, കേന്ദ്രസർക്കാർ സംസ്ഥാനത്തിനെതിരെ നടത്തുന്ന വികസന വിരുദ്ധ പ്രവർത്തനങ്ങൾ ജനസമക്ഷം തുറന്നു കാണിക്കുക എന്ന ലക്ഷ്യത്തോടെയാണ് നവ കേരള സദസ്സ് സംഘടിപ്പിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.ലോകമെമ്പാടും ക്രിസ്മസ് ആഘോഷിക്കുമ്പോൾ യേശു പിറന്നുവീണ ബത്ലഹേമിന്റെ മണ്ണിൽ ആഘോഷങ്ങൾ വേണ്ട എന്ന തീരുമാനത്തിലാണ് ക്രിസ്തീയ സംഘടനകൾ. പാലസ്തീനികൾക്കെതിരെ ഇസ്രായേൽ നടത്തുന്ന ക്രൂരതകളുടെ പശ്ചാത്തലത്തിലാണിത്. നമ്മുടെ രാജ്യം മതനിരപേക്ഷ രാജ്യം ആണെങ്കിലും ചില സ്ഥലങ്ങളിൽ അത് ലംഘിക്കപ്പെട്ടു. മണിപ്പൂരിൽ വംശഹത്യയ്ക്ക് തുല്യമായ ആക്രമണമാണ് നടന്നത്. രാജ്യത്തിന്റെ മതനിരപേക്ഷത കാത്തുസൂക്ഷിക്കേണ്ടത് അനിവാര്യമാണ്. യോഗത്തിൽ നവ കേരള സദസ്സ് തൃക്കാക്കര മണ്ഡലതല സംഘാടകസമിതി ചെയർമാൻ ദിനേശ് മണി അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ എ.കെ. ശശീന്ദ്രൻ, ജെ. ചിഞ്ചു റാണി, കെ. രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു.മന്ത്രിമാരായ പി.രാജീവ്, പി.എ. മുഹമ്മദ് റിയാസ്, റോഷി അഗസ്റ്റിൻ, വി.എൻ. വാസവൻ, സജി ചെറിയാൻ, എം.ബി. രാജേഷ്, പി.പ്രസാദ്, ജി.ആർ. അനിൽ, കെ.കൃഷ്ണൻകുട്ടി,വി.അബ്ദുറഹിമാൻ, വീണാ ജോർജ്, കെ.എൻ. ബാലഗോപാൽ,കെ.ബി.ഗണേഷ് കുമാർ, രാമചന്ദ്രൻ കടന്നപ്പള്ളി, ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് എന്നിവർ പങ്കെടുത്തു. തൃക്കാക്കര മണ്ഡല തല സംഘാടകസമിതി കൺവീനറും ഡെപ്യൂട്ടി കളക്ടറുമായ ബി. അനിൽകുമാർ ചടങ്ങിൽ സ്വാഗതം പറഞ്ഞു.

# രണ്ട് ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു: മന്ത്രി പി. രാജീവ്



**കൊച്ചി:** സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്ത് രണ്ട് ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചെന്ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. പിറവം നിയോജകമണ്ഡലതല നവകേരള സദസിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംരംഭകവർഷം പദ്ധതിയുടെ ഒന്നാം ഘട്ടം വൻ വിജയകരമായാണ് പൂർത്തിയാക്കിയത്. അതേ നിലയിൽ രണ്ടാംഘട്ടം ഇപ്പോൾ പുരോഗമിക്കുന്നു. ഈ ഉദ്യമത്തിലൂടെ 61,000 സ്ത്രീകൾ പുതിയ സംരംഭത്തിലേക്ക് വന്നു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. വ്യവസായരംഗത്ത് വലിയ മാറ്റങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. 16 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകി. ഐ.ബി.എം ഉൾപ്പെടെയുള്ള ലോകോത്തര കമ്പനികൾ ഓരോന്നായി സംസ്ഥാനത്തേക്ക് കടന്നുവരികയാണ്.മറ്റ് മേഖലകളിലെന്നപോലെ സാങ്കേതിക രംഗത്തും കേരളം ഇന്ത്യയ്ക്ക് മാതൃകയാവുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ എത്തിക്കുന്ന കെ സ്മാർട്ട് ഇന്ന് കൊച്ചിയിൽ തുടക്കമായി. ഈ സംവിധാനം നടപ്പിലാക്കാൻ കർണാടക സർക്കാർ കേരളത്തെ സമീപിക്കുകയും കരാർ ഒപ്പിടുകയും ചെയ്തു. എ.ഐ ക്യാമറ പദ്ധതിയെയും മറ്റു സംസ്ഥാനങ്ങൾ മാതൃകയാക്കുകയാണ്. പ്രളയ സമയത്ത് തമിഴ്നാട് സർക്കാരിനുവേണ്ടി ചെന്നൈയിൽ കൺട്രോൾ റൂം സജ്ജീകരിക്കാൻ നേതൃത്വം നൽകിയത് കേരളത്തിന്റെ അഭിമാനമായ കെൽട്രോൺ ആണ്.രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലും സമഗ്രമായ മാറ്റങ്ങൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. സംസ്ഥാനത്തെ സർവകലാശാലകൾ ഓരോന്നായി മികവിന്റെ കേന്ദ്രങ്ങളാവുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെയും വ്യവസായ മേഖലയെയും കോർത്തിണക്കി പരമാവധി നൈപുണ്യ വികസനം ഉറപ്പാക്കുന്ന പദ്ധതികൾ ക്യാമ്പസുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം എൽ.ബി.എസ് വനിതാ എൻജിനീയറിങ് കോളേജിലെ വിദ്യാർത്ഥിനികൾ ഒരുക്കിയ വീസാറ്റ് എന്ന ഉപഗ്രഹം വിക്ഷേപിക്കപ്പെട്ട ദിനം കൂടിയാണിന്ന്. ഇത്തരത്തിൽ ഒരു നവ വൈജ്ഞാനിക സമൂഹത്തെ വാർത്തെടുക്കാനുള്ള ശ്രമം വിജയകരമായി പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

# മുഹമ്മദ് മുസ്തഫ ചിത്രം ആരംഭിക്കുന്നു

കപ്പേളയ്ക്ക് ശേഷം മുഹമ്മദ് മുസ്തഫ സംവിധാനം ചെയ്യുന്ന സിനിമ ജനുവരി മൂന്നിന് തിരുവനന്തപുരത്ത് ചിത്രീകരണം ആരംഭിക്കുന്നു. പ്രധാന വേഷങ്ങളിൽ സുരാജ് വെഞ്ഞാറമൂട്, മാലാ പാർവതി, കനി കുസ്രുതി, ഹൃദു ഹാറൂൺ, കണ്ണൻ നായർ എന്നിവർ അഭിനയിക്കുന്നു. ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ പുതുമുഖങ്ങൾ ആണ് അവതരിപ്പിക്കുന്നത്. കോളേജുകളിൽ നിന്നും വഴിയോരങ്ങളിൽ നിന്നും ചിത്രത്തിലെ കഥാപാത്രങ്ങളുടെ സാദൃശ്യം തോന്നുന്നവരെ നേരിട്ട് ഓഡിഷൻ സെന്ററിൽ ട്രെയ്നിങ്ങിന് എത്തിച്ചുമായിരുന്നു ഓരോ റോളിലേക്കും താരനിർണയം പൂർത്തിയാക്കിയത്. മലയാള സിനിമയിലേക്ക് ഒരു കൂട്ടം യുവാക്കൾക്ക് അവസരം നൽകുക കൂടിയാണ് സംവിധായകൻ മുസ്തഫ ഈ ചിത്രത്തിൽ. കേരളത്തിലെ പ്രമുഖ നിർമ്മാണകമ്പനിയും വിതരണ കമ്പനിയുമായ എച്ച്. ആർ. പിക്ചേഴ്സിന്റെ ബാനറിൽ റിയ ഷിബു ആണ് ചിത്രം നിർമ്മിക്കുന്നത്. ഈ ചിത്രത്തിന്റെ രചന നിർവ്വഹിക്കുന്നത് ഉപ്പും മുളകും ഫെയിം സുരേഷ് ബാബുവാണ്. ചിത്രത്തിന്റെ മറ്റു അണിയറപ്രവർത്തകർ ഇവരാണ് : ഛായാഗ്രഹണം ഫാസിൽ നാസർ, എഡിറ്റിംഗ് ചമൻ ചാക്കോ, സംഗീത സംവിധാനം മിഥുൻ മുകുന്ദൻ, കലാസംവിധാനം ശ്രീനു കല്ലേലിൽ , മേക്കപ്പ് റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം നിസാർ റഹ്മത്ത്, ആക്ഷൻ പി.സി. സ്റ്റൻഡ്സ്, എക്സികുട്ടീവ് പ്രൊഡ്യൂസർ റോണി സക്കറിയ, പ്രൊഡക്ഷൻ കൺട്രോളർ ജിത്ത് പിരപ്പൻകോട്. തിരുവനന്തപുരം, മധുരൈ, തെങ്കാശി, ബാംഗ്ലൂർ എന്നിവിടങ്ങളാണ് പ്രധാന ലൊക്കേഷനുകൾ. പി ആർ ഓ പ്രതീഷ് ശേഖർ.




# 'എൽഎൽബി" ജനുവരി 19ന്

ശ്രീനാഥ് ഭാസി,അനൂപ് മേനോൻ,വിശാഖ് നായർ,അശ്വത് ലാൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എ എം സിദ്ധിഖ്തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'എൽ.എൽ.ബി"(ലൈഫ് ലൈൻ ഓഫ് ബാച്ചിലേഴ്സ് ) ജനുവരി പത്തൊമ്പതിന് പ്രദർശനത്തിനെത്തുന്നു.റോഷൻ അബൂബക്കർ, സുധീഷ്,ശ്രീജിത്ത് രവി, രമേഷ് കോട്ടയം,സിബി കെ തോമസ്, മനോജ് കെ യു, പ്രദീപ് ബാലൻ,കാർത്തിക സുരേഷ്,സീമ ജി നായർ,നാദിറ മെഹ്റിൻ,കവിത ബൈജു,ചൈത്ര പ്രവീൺ എന്നിവരാണ് മറ്റ് പ്രമുഖതാരങ്ങൾ.രണ്ടത്താണി ഫിലിംസിന്റെ ബാനറിൽ മുജീബ് രണ്ടത്താണി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഫൈസൽ അലി നിർവഹിക്കുന്നു.സന്തോഷ് വർമ്മ,മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് ബിജി ബാൽ,കൈലാസ് എന്നിവർ സംഗീതം പകരുന്നു.എഡിറ്റർ അതുൽ വിജയ്,പ്രൊഡക്ഷൻ കൺട്രോളർദീപക് പരമേശ്വരൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസിനു മോൾ സിദ്ധിഖ്.കലസുജിത് രാഘവ്,മേക്കപ്പ്സജി കാട്ടാക്കട,വസ്ത്രാലങ്കാരം അരവിന്ദ് കെ ആർ,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർസുധീഷ് ഗാന്ധി,അസ്സോസിയേറ്റ് ഡയറക്ടർജംനാസ് മുഹമ്മദ്,ആക്ഷൻ ഫീനിക്സ് പ്രഭു, മാഫിയ ശശി, അഷ്റഫ് ഗുരുക്കൾ,കൊറിയോഗ്രാഫിഎം ഷെറീഫ്,ഇംതിയാസ്,സ്റ്റിൽസ്ഷിബി ശിവദാസ്,ഡിസൈൻമനു ഡാവിഞ്ചി,പി ആർ ഒഎ എസ് ദിനേശ്.




# ജയ് ഗണേഷ് ' സെക്കന്റ് ലുക്ക് പോസ്റ്റർ.

ഉണ്ണി മുകുന്ദൻ,മഹിമാ നമ്പ്യാർ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി രഞ്ജിത്ത് ശങ്കർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന"ജയ് ഗണേഷ് ' എന്നചിത്രത്തിന്റെ സെക്കന്റ് ലുക്ക് പോസ്റ്റർ, പുതുവത്സര ആശംസകളോടെറിലീസായി.ഏപ്രിൽ പതിനൊന്നിന്പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ ജോമോൾ ഒരിടവേളക്ക് ശേഷം അഭിനയിക്കുന്നു.ഹരീഷ് പേരടി, അശോകൻ,രവീന്ദ്ര വിജയ്,നന്ദു തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഡ്രീംസ് എൻ ബിയോണ്ട്, ഉണ്ണി മുകുന്ദൻ ഫിലിംസ് എന്നീ ബാനറിൽ രഞ്ജിത്ത് ശങ്കർ, ഉണ്ണിമുകുന്ദൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ചന്ദ്രു ശെൽവരാജ് നിർവ്വഹിക്കുന്നു.ബി കെ ഹരിനാരായണൻ,മനു മഞ്ജിത്ത്,വാണി മോഹൻ, രഞ്ജിത്ത് ശങ്കർ എന്നിവർ എഴുതിയ വരികൾക്ക് ശങ്കർ ശർമ്മ സംഗീതം പകരുന്നു.എഡിറ്റർസംഗീത് പ്രതാപ്.സൗണ്ട് ഡിസൈൻതപസ് നായ്ക്, പ്രൊഡക്ഷൻ കൺട്രോളർസജീവ് ചന്തിരൂർ,പ്രൊഡക്ഷൻ ഡിസൈനർസൂരജ് കുറവിലങ്ങാട്, മേക്കപ്പ്റോണക്സ് സേവ്യർ,കോസ്റ്റ്യൂംസ്വിപിൻ ദാസ്,സ്റ്റിൽസ്നവീൻ മുരളി,ഡിസൈൻസ്ആന്റണി സ്റ്റീഫൻ,അസോസിയേറ്റ് ഡയറക്ടർഅനൂപ് മോഹൻ എസ്,ഡിഐലിജു പ്രഭാകർ,വിഎഫ്എക്സ്ഡിടിഎം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സഫി ആയൂർ, പ്രൊമോഷൻ കൺസൽട്ടന്റ്വിപിൻ കുമാർ,ടെൻ ജി മീഡിയ,പി ആർ ഒഎ എസ് ദിനേശ്.




# റൂട്ട് നമ്പർ 17 'ജനുവരി 5ന്

ജിത്തൻ രമേഷ്,അരുവി മധൻ,ഹരീഷ് പേരടി,അഖിൽ പ്രഭാകർ, ഡോക്ടർ അമർ രാമചന്ദ്രൻ,മാസ്റ്റർ നിഹാൽ അമർ,അഞ്ജു പാണ്ഡ്യ,ജന്നിഫർ മാത്യു,ടൈറ്റസ് എബ്രഹാം,ഫ്രോളിക്ക് ജോർജ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അഭിലാഷ് ജി ദേവൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'റൂട്ട് നമ്പർ 17 ' എന്ന തമിഴ് ചിത്രം ജനുവരി അഞ്ചിന് മൂവീ മാർക്ക് കേരളത്തിൽ പ്രദർശനത്തിനെത്തിക്കുന്നു. ഡോക്ടർ അമർ രാമചന്ദ്രൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പ്രശാന്ത് പ്രണവം നിർവ്വഹിക്കുന്നു.യുഗ ഭാരതി, കു കാർത്തിക്, സെന്തമിഴ് ദാസൻ എന്നിവരുടെ വരികൾക്ക് ഔസേപ്പച്ചൻ സംഗീതവും പശ്ചാത്തലസംഗീതവും പകരുന്നു.ശ്വേത മോഹൻ,ഒഫ്രോ,റിത ത്യാഗരാജൻ,ദേവു മാത്യു എന്നിവരാണ് ഗായകർഎഡിറ്റിംഗ്അഖിലേഷ് മോഹൻ,ആർട്ട് മുരളി ബേപ്പൂർ മേക്കപ്പ്റഷീദ് അഹമ്മദ്, കോസ്റ്റ്യൂംസ്അനിൽ കോട്ടുളി,സൗണ്ട് ഡിസൈൻ & മിക്സിംഗ്എം ആർ രാജകൃഷ്ണൻ,ആക്ഷൻ കൊറിയോഗ്രഫിജാക്കി ജോൺസൺ,ഡാൻസ് കൊറിയോഗ്രഫിസജ്ന നജം,റജീഷ്,ഫ്രോളിക് ജോർജ്ക്രിയേറ്റീവ് ഡയറക്ടർ ജയശങ്കർ,സ്റ്റിൽസ്ജയൻ തില്ലങ്കേരി.




## 'പൊമ്പളൈ ഒരുമൈ'ക്ലീൻ യു സർട്ടിഫിക്കറ്റ്

ജിതീഷ് പരമേശ്വരൻ, ശ്രീഷ്മ ചന്ദ്രൻ, റ്റിങ്കിൾ ജോബി, സാജിദ് യാഹിയ, ശിവൻ മേഘ, ശിൽപ അനിൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിവിപിൻ ആറ്റ്ലി സംവിധാനം ചെയ്യുന്ന 'പൊമ്പളൈ ഒരുമൈ" എന്ന ചിത്രത്തിന് ക്ലീൻ 'ഡ' സർട്ടിഫിക്കറ്റ് കിട്ടി.മാക്രോം പിക്ച്ചേഴ്സ് നിർമ്മിക്കുന്ന 'പൊമ്പളൈ ഒരുമൈ'യുടെകഥ, തിരക്കഥ, സംഭാഷണം വിപിൻ ആറ്റ്ലി, ജിനി കെ എന്നിവർ ചേർന്ന് എഴുതുന്നു.സഹ നിർമ്മാണംജയൻ ഗോപി ചൈന, റാഫി ആന്റണി. ഛായാഗ്രഹണം സിറാജുദ്ദീൻ സൈനുദ്ദീൻ, ആശയം റിന്റു ആറ്റ്ലി,സംഗീതം,പശ്ചാത്തല സംഗീതം നിനോയ് വർഗീസ്, ചിത്രസംയോജനം ഗോപകുമാർ നമ്പ്യാർ, സഹ ഛായാഗ്രഹണം അഹമ്മദ് സാഹിദ്, നജ്മൽ കെ എ, കലാസംവിധാനം മുകുന്ദൻ മാമ്പ്ര,മുഖ്യ സഹസംവിധാനംജിനി കെ, സഹസംവിധാനം ശിൽപ അനിൽ, സംവിധാന സഹായികൾജഗദീഷ് ശങ്കരൻ,ടിങ്കിൾ ജോബി,നിർമ്മാണ നിർവ്വഹണം ശിവൻ മേഘ,ശബ്ദ രൂപകൽപ്പന വിഷ്നേഷ് ബോസ്, ശബ്ദ മിശ്രണംദീപു ഷൈൻ, സ്റ്റുഡിയോവാക്മാൻ സ്റ്റുഡിയോ,പരസ്യകല ആർട്ടോകാർപസ്,പി ആർ ഒഎ എസ് ദിനേശ്.

# കെ സ്മാർട്ട് ആപ്ലിക്കേഷൻ അവതരിപ്പിച്ചു; സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ



**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന കെ സ്മാർട്ട് അവതരിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ കെസ്മാർട്ട് സോഫ്റ്റ് വെയർ ആപ്ലിക്കേഷന്റെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. നൂതന സാങ്കേതിക വിദ്യയുടെ പുരോഗതി സമൂഹത്തിന്റെ വിവിധ മേഖലകളിലെ ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.കെസ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻഫർമേഷൻ നിലവിൽ വരുന്നതോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാകും.തദ്ദേശ സ്വയംഭരണ വകുപ്പിനുവേണ്ടി ഇൻഫർമേഷൻ കേരള മിഷനാണ് കെസ്മാർട്ട് വികസിപ്പിച്ചത്.കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് ആദ്യ ഘട്ടത്തിൽ കെസ്മാർട്ട് വിന്യസിക്കുന്നത്. ഏപ്രിൽ ഒന്നിന് കെസ്മാർട്ട് ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. ഇതോടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്കു ലഭ്യമാവും. കെസ്മാർട്ട് ആപ്ലിക്കേഷനിലൂടെ സേവങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കും. അതിനായി അപേക്ഷകളുടെയും പരാതികളുടെയും കൈപ്പറ്റ് രസീത് പരാതിക്കാരന്റെ/അപേക്ഷകന്റെ ലോഗിനിലും വാട്സ്ആപ്പിലും ഇമെയിലിലും ലഭ്യമാകുന്ന ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇ ഗവേണൻസിൽ കേരളത്തിന്റെ മുന്നേറ്റത്തിന് പുത്തൻ വേഗം പകരുന്ന സംവിധാനമാകും കെസ്മാർട്ട്.തദ്ദേശ സ്ഥാപനങ്ങളുടെ പ്രവര്ത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓണ്ലൈനായി ലഭ്യമാക്കുകയാണ് കെസ്മാര്ട്ട്. വെബ് പോർട്ടലിൽ സ്വന്തം ലോഗിൻ ഉപയോഗിച്ച് അതാത് മൊഡ്യൂളുകളിലെത്തി ആവശ്യമായ വിവരങ്ങൾ നൽകി സേവനം ലഭ്യമാക്കാം. ആദ്യ ഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ (ജനന മരണ വിവാഹ രജിസ്ട്രേഷൻ), ബിസിനസ് ഫെസിലിറ്റേഷൻ ( വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ ), വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബില്ഡിംഗ് പെര്മിഷൻ മൊഡ്യൂൾ, പൊതുജന പരാതി പരിഹാരം തുടങ്ങിയ സേവനങ്ങളായിരിക്കും കെ സ്മാർട്ടിലൂടെ ലഭ്യമാവുക. കെ സ്മാർട്ട് യാഥാർത്ഥ്യമാകുന്നതോടെ പ്രവാസികൾക്കു നേരിട്ടെത്താതെ തന്നെ അതാത് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാവും. ലോഗിന് ഐഡി ഉപയോഗിച്ച് വീഡിയോ കെവൈസിയും പൂർത്തിയാക്കുന്നതോടെ വിവാഹ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ വിദേശത്തിരുന്ന് തന്നെ ചെയ്യാൻ സാധിക്കും. കെ സ്മാർട്ട് മൊബൈൽ ആപ്പിലുടെയും ഈ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകുന്നതാണ്.

# പാലിൽ സ്വയംപര്യാപ്തത കൈവരിക്കുക ലക്ഷ്യം: മന്ത്രി ജെ. ചിഞ്ചു റാണി

**കൊച്ചി:** പാലിൽ ഒരു വർഷത്തിനുള്ളിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്ന് ക്ഷീര വികസന, മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി. തൃക്കാക്കര മണ്ഡല തല നവകേരള സദസിൽ സംസാരിക്കുകയായിരുന്നു മന്ത്രി.90% പാലും കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തിലേക്ക് കേരളം അടുക്കുകയാണ്. ക്ഷീര കർഷകർക്ക് ശക്തമായ പിന്തുണ നൽകി കൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. തീറ്റ സബ്സിഡി കുറഞ്ഞ ചിലവിൽ ബാങ്കുകൾ വഴി വായ്പ്പ എന്നിവ നൽകി വരുന്നു. മലപ്പുറത്ത് പാൽ പൊടി ഫാക്ടറിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. സമഗ്ര മേഖലയിലും വൻ വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഏഴര വർഷ കാലമായി നടന്ന് വരുന്നത്. സ്കൂളുകളും കോളേജുകളും ഉന്നത നിലവാരത്തിലാക്കാൻ സാധിച്ചു. അടിസ്ഥാന സൗകര്യ പശ്ചാത്തല വികസന മേഖലയിലും ഈ കാലഘട്ടത്തിൽ വൻ പുരോഗതി കൈവരിച്ചു. 2025 ഓടെ സംസ്ഥാനത്ത് അതിദാരിദ്ര്യം തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടു പോകുകയാണ് സർക്കാർ. വിദ്യാസമ്പന്നരായ യുവതി യുവാക്കൾക്ക് തൊഴിലുറപ്പാക്കുന്നതിന് ആരംഭിച്ച ഒരുലക്ഷം സംരംഭം പദ്ധതി മികച്ച രീതിയിൽ മുന്നോട്ടു പോവുകയാണ്. ഒമ്പത് മാസം കൊണ്ട് തന്നെ ഒരു ലക്ഷം സംരംഭം എന്നെ നേട്ടം കൈവരിക്കാൻ സാധിച്ചു. ലൈഫ് മിഷൻ വഴി വീടുകൾ ഉറപ്പാക്കാൻ സാധിച്ചു. മൂന്ന്ലക്ഷത്തി നാൽപതിനായിരം വീടുകൾ നിർമിച്ചു നൽകി. ഒന്നരലക്ഷം വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ക്ഷേമപെൻഷൻ 600 രൂപയിൽ നിന്ന് 1600 രൂപയായി ഉയർത്തി.വികസന പ്രവർത്തനങ്ങളിൽ ജനങ്ങളോടൊപ്പം ചേർന്ന് നിൽക്കുക എന്ന ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് മന്ത്രിസഭ ജനങ്ങളിലേക്ക് നേരിട്ട് എത്തുന്നത്. കഴിഞ്ഞ നവകേരള സദസ്സുകളിൽ നിന്ന് ലഭിച്ച നിവേദനങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി ഓരോ ജില്ലയിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. എല്ലാ അപേക്ഷകളിലും അതിവേഗം പരിഹാരമുണ്ടാക്കും. ഒന്നാം പിണറായി സർക്കാർ നടപ്പിലാക്കിയ ജനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പിന്തുണയായാണ് വീണ്ടും തുടർഭരണം ജനങ്ങൾ നൽകിയത്. സമഗ്ര മേഖലയിലും മാതൃകാപരമായ വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നതെന്ന് മന്ത്രി പറഞ്ഞു.

# ശ്രീരാമജന്മഭൂമി പ്രാണപ്രതിഷ്ഠ: അക്ഷത വിതരണം ആരംഭിച്ചു



ശ്രീരാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ ചടങ്ങിനോടനുബന്ധിച്ച് അയോദ്ധ്യയിൽ നിന്നും പൂജിച്ചുകൊണ്ടുവന്ന അക്ഷത വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ശബരിമല മേൽശാന്തി ബ്രഹ്മശ്രീ മഹേഷ് നമ്പൂതിരിക്ക് നൽകിക്കൊണ്ട് വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി നിർവ്വഹിക്കുന്നു. ജോഷി പ്രഭാകർ,സതീഷ് അരുണാചലം എന്നിവർ സമീപം

കൊച്ചി : ശ്രീരാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ ചടങ്ങിനോടനുബന്ധിച്ച് കേരളത്തിലെ ഹിന്ദുഭവനങ്ങളിൽ സ്ഥാപിക്കുന്നതിനായി അയോദ്ധ്യയിൽ നിന്നും പൂജിച്ചുകൊണ്ടുവന്ന അക്ഷതത്തിന്റെ സംസ്ഥാന തല വിതരണം നടന്നു. ശബരിമല സന്നിധാനത്ത് നടന്ന ചടങ്ങിൽ ശബരിമല തന്ത്രി ബ്രഹ്മശ്രീ കണ്ഠരര് മഹേഷ് മോഹനരുവിനും, മേൽശാന്തി ബ്രഹ്മശ്രീ മഹേഷ് നമ്പൂതിരിക്കും അക്ഷതം നൽകി വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അദ്ധ്യക്ഷൻ വിജിതമ്പി വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വി.എച്ച്.പി സംസ്ഥാന ഗവേണിങ്ങ് കൗൺസിൽ അംഗങ്ങളായ ജോഷി പ്രഭാകർ,സതീഷ് അരുണാചലം തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. പ്രാണപ്രതിഷ്ഠ ചടങ്ങിനോടനുബന്ധിച്ച് ദേശീയ തലത്തിൽ സംഘടിപ്പിച്ചിരിക്കുന്ന മഹാസമ്പർക്ക യജ്ഞം ജനുവരി 15 വരെ കേരളത്തിലും നടക്കും. ഏകദേശം അൻപത് ലക്ഷം ഹിന്ദു ഭവനങ്ങളിൽ അയോദ്ധ്യയിൽ പൂജിച്ച അക്ഷതവും, രാമക്ഷേത്രത്തിന്റെ ചിത്രവും ക്ഷേത്ര ചരിതം അടങ്ങുന്ന ലഘു ലേഖയും വിതരണം ചെയ്യും. ജനുവരി 22നു രാവിലെ 11 മണി മുതലാണ് പ്രാണപ്രതിഷ്ഠ ചടങ്ങ് നടക്കുന്നത്.

# അപേക്ഷ ക്ഷണിച്ചു

കൊച്ചി: സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന സാകല്യം പദ്ധതിലേക്ക് ജില്ലയിലെ 18 വയസ്സ് പൂർത്തിയായ, സ്വന്തമായി ജീവിത മാർഗം ഇല്ലാത്തതുമായ ട്രാൻസ് ജെന്റ്റർ വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ജനുവരി 15 നകം നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷ ജില്ല സാമൂഹ്യനീതി ഓഫീസിൽ നൽകണം. അപേക്ഷ ഫോമിനും കൂടുതൽ വിവരങ്ങൾക്കും എറണാകുളം ജില്ല സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ നമ്പർ : 0484 2425377

# വാക്ക് ഇൻ ഇന്റർവ്യൂ

കൊച്ചി: മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റവന്യൂ ഡിവിഷണൽ കാര്യാലയങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.അംഗീകൃത സർവകലാശാലയിൽ നിന്ന് ബിരുദം, വേഡ് പ്രോസസിംഗിൽ സർക്കാർ അംഗീകൃത കമ്പ്യൂട്ടർ കോഴ്സ്, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ടൈപ്പ് റൈറ്റിംഗ് എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. എം.എസ്.ഡബ്യൂ. യോഗ്യതയുള്ളവർക്ക് മുൻഗണന.നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 12 ന് ഉച്ചയ്ക്ക് 2.30 ന് കാക്കനാട് കളക്ട്രേറ്റിലുള്ള ജില്ലാ വികസന കമ്മീഷണറുടെ ചേംമ്പറിൽ ഇന്റർവ്യൂവിൽ വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകളുമായി നേരിട്ട് ഹാജരാകണം.ഫോൺ : 0484 2425377

# കെ.എസ്.ഐ.എൻ.സി പ്രവർത്തനങ്ങൾക്ക് സർക്കാർ എല്ലാ പിന്തുണയും നൽകും: മുഖ്യമന്ത്രി

**കൊച്ചി:** സംസ്ഥാന കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ(കെ.എസ്.ഐ.എൻ.സി) പ്രവർത്തനങ്ങൾക്ക് സർക്കാർ എല്ലാ പിന്തുണയും നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കെ.എസ്.ഐ.എൻ.സി നിർമ്മിച്ച പൊസൈഡൺ ഓയിൽ ടാങ്കർ ബാർജിന്റെയും ലക്ഷ്മി ആസിഡ് ബാർജിന്റെയും പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.പുറംകടലിൽ നങ്കൂരമിടുന്ന കപ്പലുകൾക്ക് ഇന്ധന വിതരണത്തിനും വ്യവസായ സ്ഥാപനങ്ങൾക്ക് ജലമാർഗം ഇന്ധനമെത്തിക്കുന്നതിനും ലക്ഷ്യമിട്ടുള്ള രണ്ട് ബാർജുകളാണ് ഇന്ന് പ്രവർത്തന സജ്ജമായിരിക്കുന്നത്. ഇവയുടെ നിർമാണ പ്രക്രിയയിൽ ഭാഗമായവർക്കും അതിന് വേണ്ടി പരിശ്രമിച്ചവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു.12.32 കോടി രൂപ സർക്കാർ വിഹിതവും 3.02 കോടി രൂപ കമ്പനിയുടെ തനതു ഫണ്ടും ഉപയോഗിച്ച് ഗോവ വിജയ് മറൈൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച 1400 മെട്രിക് ടൺ ശേഷിയുള്ള ഓയിൽ ടാങ്കർ ബാർജാണ് പൊസൈഡൺ. നിശ്ചയിച്ച സമയത്തിൽ നിർമാണം പൂർത്തിയാക്കാനും പരിശോധനകൾ നടത്തി പ്രവർത്തന സജ്ജമാക്കാനും കഴിഞ്ഞത് അഭിനന്ദനാർഹമായ നേട്ടമാണ്.വ്യവസായ ശാലകൾക്ക് ആസിഡ് സുരക്ഷിതമായി വിതരണം ചെയ്യാനായി മൂന്ന് കോടി രൂപ സർക്കാർ വിഹിതവും 1.50 കോടി രൂപ കമ്പനിയുടെ തനതു ഫണ്ടും ഉപയോഗിച്ച് കെ.എസ്.ഐ.എൻ.സി.യുടെ തോപ്പുംപടിയിലുള്ള സ്വന്തം യാർഡിൽ നിർമ്മിച്ച 300 മെട്രിക് ടൺ ശേഷിയുള്ള ആസിഡ് ബാർജാണ് ലക്ഷ്മി. ആദ്യ ഘട്ടത്തിൽ ഫാക്ടിലേക്കായിരിക്കും (എഫ്.എ.സി.ടി) ജലമാർഗം ആസിഡ് വിതരണം നടത്തുക. തുടർന്ന് മറ്റിടങ്ങളിലേക്ക് കൂടി വിതരണം വ്യാപിപ്പിക്കും.കെ.എസ്.ഐ.എൻ.സി ആദ്യമായല്ല ഇത്തരം നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നത്. വിവിധ ബാർജുകൾ, സോളാർ ബോട്ടുകൾ തുടങ്ങിയവ നിർമിച്ച് മുൻ കാലങ്ങളിലും ശ്രദ്ധ നേടിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയാണ് ഇന്ന് പ്രവർത്തന സജ്ജമായ രണ്ടു ബാർജുകൾ. കോർപ്പറേഷന് ആവശ്യമായ എല്ലാ പിന്തുണയും സർക്കാർ നൽകി വരുന്നുണ്ട്. ഇനിയും അത്



തുടരും. നഷ്ടത്തിൽ പോയി കൊണ്ടിരുന്ന കോർപറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മികച്ച ലാഭമാണ് നേടിയത്. ഇനിയും മുന്നേറ്റങ്ങൾ നടത്താൻ കെ.എസ്.ഐ.എൻ.സിക്ക് സാധിക്കട്ടെ എന്നും മുഖ്യമന്ത്രി ആശംസിച്ചു.പൊസൈഡൺ ബാർജ് നിർമാണത്തിൽ മുഖ്യ പങ്ക് വഹിച്ച ഗോവ ആസ്ഥാനമായുള്ള വിജയ് മറൈൻ സർവീസസ് ഷിപ്പ് യാർഡിന്റെ മാനേജിങ് ഡയറക്ടർ സൂരജ് ഖിലാനി, ലക്ഷ്മി ബാർജ് നിർമാണ നിർവഹണം നടത്തിയ കൃഷ്ണ മറൈൻ കമ്പനിയുടെ മാനേജിങ് പാർട്ണർ അനന്ത കൃഷ്ണൻ എന്നിവർക്ക് ചടങ്ങിൽ മുഖ്യമന്ത്രി പ്രത്യേക ഉപഹാരം കൈമാറി.ബോൾഗാട്ടി ഐ.ഡബ്ല്യു.എ.ഐ റോറോ ജെട്ടിയിൽ നടന്ന ചടങ്ങിൽ നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി, എംഎൽഎമാരായ കെ. എൻ. ഉണ്ണികൃഷ്ണൻ, കെ. ജെ. മാക്സി, ടി.ജെ. വിനോദ്, കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ, മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എസ്. അക്ബർ, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. എൽസി ജോർജ്ജ്, ബ്ലോക്ക് പഞ്ചായത്ത് അംഗം ഷെൽമ ഹൈസന്റ്, വാർഡ് മെമ്പർ നിക്കോളാസ് ഡിക്കോത്ത്, കെ.എസ്.ഐ.എൻ.സി ചെയർമാൻ കെ. ടി. ചാക്കോ, മാനേജിംഗ് ഡയറക്ടർ ആർ. ഗിരിജ, മറ്റു ജനപ്രതിനിധികൾ, തൊഴിലാളി സംഘടന നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# കെ സ്മാർട്ട് മലയാളികൾക്കുള്ള പുതുവത്സര സമ്മാനം : മന്ത്രി എം.ബി രാജേഷ്

**കൊച്ചി:** മലയാളികൾക്ക് സർക്കാർ നൽകുന്ന പുതുവത്സര സമ്മാനമാണ് കെ സ്മാർട്ട് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെസ്മാർട്ട് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വിന്യസിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.നവകേരള നിർമ്മിതിയിലേക്കുള്ള പുതിയ ചുവടുവെയ്പ്പാണ് കെ സ്മാർട്ട്. തദ്ദേശ സ്വയം സ്ഥാപനങ്ങൾ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഇനി വിരൽത്തുമ്പിൽ ലഭ്യമാകും. കെ സ്മാർട്ട് പ്രവർത്തനസജ്ജമാകുന്നതോടെ ഓൺലൈനിൽ തന്നെ വെരിഫിക്കേഷൻ പൂർത്തിയാക്കി ബിൽഡിംഗ് പെർമിറ്റുകൾ വെറും 30 സെക്കൻഡിനുള്ളിൽ ലഭ്യമാകും. ജനന/മരണ സർട്ടിഫിക്കറ്റുകൾ, വിവാഹ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ വാട്സ്ആപ്പിലും ഇ മെയിലിലും ലഭിക്കും. രാജ്യത്ത് ആദ്യമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നത്. വീണ്ടും ഇന്ത്യക്ക് മാതൃകയാവുകയാണ് കേരളം. എല്ലാ പൗരന്മാർക്കും ഇന്റർനെറ്റ് അവകാശമാണെന്ന് പ്രഖ്യപിച്ചുകൊണ്ട് നട




പ്പിലാക്കിയ കെ ഫോൺ പദ്ധതിക്ക് വൻ സ്വീകരയതയാണ് ലഭിച്ചത്. ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചെന്നും നഗരസഭാ സെക്രെട്ടറിമാർക്കും മറ്റ് ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.വെല്ലുവിളികൾ ഏറ്റെടുത്താണ് സർക്കാർ മുന്നോട്ട് പോകുന്നത്. നാളെ മുതൽ കെ സ്മാർട്ടിന്റെ സേവനം എല്ലാവർക്കും ലഭ്യമാകും. കെ സ്മാർട്ട് പ്രവർത്തനം വേഗത്തിലാക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പൊതുജങ്ങൾക്ക് സംശയനിവാരണത്തിനായി ആദ്യഘട്ടത്തിൽ ഐ.കെ.എം ജീവനക്കാരെ വിന്യസിച്ചു നഗരസഭകളിൽ ഹെൽപ് ഡെസ്ക്കുകൾ ആരംഭിക്കുമെന്നന്നും മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പും നഗരസഭകളും ഇൻഫർമേഷൻ കേരള മിഷനും സംയുക്തമായി പ്രാവർത്തികമാക്കുന്ന കെ സ്മാർട്ട് മറ്റ് സംസ്ഥാനങ്ങളിലും നടപ്പാക്കുന്നതിനായി മുന്നോട്ടു വരുന്നുണ്ട്. ഇത് സംബന്ധിച്ചു ഐ.കെ.എമ്മും കർണാടക മുനിസിപ്പൽ ടാറ്റാ സൊസൈറ്റിയും തമ്മിൽ ധാരണ പത്രം കൈമാറി. കെ സ്മാർട്ടിന് ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യത ലഭിക്കുമെന്നും വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുമെന്നും മന്ത്രി പറഞ്ഞു.കെ സ്മാർട്ട് യാഥാർത്ഥ്യമാകുന്നതോടെ വ്യവസായ വകുപ്പിൽ ലഭിക്കുന്ന പരാതികൾക്ക് ശാശ്വത പരിഹാരം കാണാനാകുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. ചടങ്ങിൽ കെ സ്മാർട്ടിന്റെ മൊബൈൽ ആപ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ സ്മാർട്ട് കെ സ്വിഫ്റ്റ്മായി ബന്ധിപ്പിക്കണമെന്നും മലയാളികൾക്ക് ലഭിക്കുന്ന അർത്ഥവത്തായ പുതുവത്സര സമ്മാനമാണിതെന്നും മന്ത്രി പറഞ്ഞു.

# ലുലുവിൽ പകുതി വിലയ്ക്ക് വിവിധ ഉത്പന്നങ്ങൾ




**കൊച്ചി :** ഷോപ്പിങ്ങ് ഉത്സവം സമ്മാനിച്ച്, വമ്പൻ വിലക്കിഴിവുമായി കൊച്ചി ലുലു മാൾ. ബ്രാൻഡഡ് ഉത്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ സ്വന്തമാക്കാനുള്ള സുവർണ്ണാവസരമാണ് ലുലു ഒരുക്കിയിരിക്കുന്നത്. ഫ ളാറ്റ് 50 സെയിൽ ഓഫറിലൂടെ 50 ശതമാനം വിലക്കുറവിലാണ് ബ്രാൻഡഡ് ഉത്പന്നങ്ങൾ ലഭ്യമാക്കുന്നത്. പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഗ്രോസറി തുടങ്ങി എന്തും 50 ശതമാനം വിലക്കുറവിൽ സ്വന്തമാക്കാം. ജനുവരി 4 മുതൽ 7 വരെ നാല് ദിവസത്തേക്കാണ് ബിഗ് ഡേ ഫ്ലാറ്റ് 50 സെയിൽ നടക്കുന്നത്. ലുലു ഫാഷൻ സ്റ്റോർ, ലുലു ഹൈപ്പർമാർക്കറ്റ്, ലുലു കണക്റ്റ് എന്നിവിടങ്ങളിലായി പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഗ്രോസറി തുടങ്ങിയവ പകുതി വിലയ്ക്ക് പർച്ചേസ് ചെയ്യാം. ഇതിന്റെ ഭാഗമായി ലുലു സ്റ്റോറുകൾ രാവിലെ 8 മണി മുതൽ പുലർച്ചെ 2 മണി വരെയുണ്ടാകും. കൂടാതെ ആറാം തിയതി മുതൽ ഓഫർ അവസാനിക്കുന്ന എട്ടാം തിയതി രാവിലെ 2 മണി വരെ നോൺ സ്റ്റോപ്പ് 41 മണിക്കൂർ ലുലു സ്റ്റോറുകൾ തുറന്നു പ്രവർത്തിക്കും.എല്ലാ ഫാഷൻ പ്രേമികൾക്കും ലുലു പതിവുപോലെ എൻഡ് ഓഫ് സീസൺ സെയിൽ അവതരിപ്പിക്കുന്നുണ്ട്. മികച്ച ഫാഷൻ ബ്രാൻഡുകളുടെ എറ്റവും പുതിയ വസ്ത്രശേഖരങ്ങൾ ലുലു ഫാഷൻ സ്റ്റോറിൽ നിന്ന് 50% വരെ കിഴിവിൽ സ്വന്തമാക്കാം. ജനുവരി 1 മുതൽ 21 വരെയാണ് ഈ ഓഫർ. നിരവധി ബ്രാൻഡുകളാണ് ഈ വിലക്കുറുവിന്റെ ഉത്സവത്തിൽ ഭാഗമാകുന്നത്. ലോകോത്തര ബ്രാൻഡുകളുടെ ടെക് ഗാഡ്ജറ്റുകൾക്കും ഗൃഹോപകരണങ്ങൾക്കും ആകർഷകമായ ഓഫറുകൾ ഒരുക്കിക്കൊണ്ടാണ് ലുലു കണക്റ്റ് സജ്ജമാക്കിയിരിക്കുന്നത്. ലുലു ഹൈപ്പർമാർക്കറ്റിൽ ഗ്രോസറികൾക്കായി ആകർഷകമായ ഓഫറുകളും ഉപഭോക്താക്കളെ കാത്തിരിക്കുന്നു. ബാഗുകൾ, പാദരക്ഷകൾ, കായികോപകരണങ്ങൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, ആഭരണങ്ങൾ, വാച്ചുകൾ വരെ വിലക്കുറവിൽ ലഭ്യമാക്കുന്നു.ബ്രൈഡൽ സങ്കൽപ്പങ്ങളുടെ ആകർഷകമായ കളക്ഷനുകളുള്ള ലുലു സെലിബ്രേറ്റിലും ഈ ഓഫറുകൾ ലഭ്യമാണ്. കൂടാതെ, ലുലു ഫൺടൂറയിലും കുട്ടികൾക്കായി പ്രത്യേക ഓഫറും ഏർപ്പെടുത്തിയിട്ടുണ്ട്. ലുലുവിൻറെ ഓൺലൈൻ ഡെലിവറി ആപ്പ് വഴിയും വ്ഥേ://ഠഠഠ.ഹൗഹൗവ്യുല്യാമൃസലേ.ശി ഓർഡുകൾ ലഭ്യമാണ്.

# പ്രൊഫിക്കോൺ 2023 സമാപിച്ചു

**കൊച്ചി:**എംഎസ്എംഇകൾക്കായി സംഘടിപ്പിച്ച രണ്ടു ദിവസങ്ങളിലായി ഏകദേശം 1200 ബിസിനസുകാർ പങ്കെടുത്ത പ്രൊഫിക്കോൺ 2023 ബാംഗ്ലൂർ ഗ്രാൻഡ് ഷെറാട്ടണിൽ സമാപിച്ചു. ഡോ. എ വേലുമണി, രാജ് ഷാമാനി, ഇന്ത്യാമാർട്ടിന്റെ സ്ഥാപകൻ ബ്രിജേഷ് അഗർവാൾ, ഫെയ് ഡിസൂസയുടെ സർപ്രൈസ് സെഷൻ എന്നിവ മീറ്റിന്റെ പ്രത്യേകതയായിരുന്നു. ശ്രദ്ധേയമായ നേട്ടങ്ങൾ കൊയ്ത 43 എംഎസ്എംഇ ബിസിനസ് ഉടമകളെ ബിസിനസ് സക്സസ് അവാർഡുകൾ നൽകി ചടങ്ങിൽ ആദരിച്ചു. പരിപാടിയുടെ ആദ്യ ദിവസം ബ്രാൻഡിങ്ങിന്റെ നൂതനാശയങ്ങൾ പങ്കുവെച്ച് കൊണ്ട് രാജ് ഷാമാനിയുടെ സെഷനും രാമേശ്വരം കഫേയിലെ രാഘവേന്ദ്ര റാവു, ദിവ്യ രാഘവേന്ദ്ര റാവു എന്നിവരുടെ പ്രാദേശിക രുചികൾ എങ്ങിനെ മാർക്കറ്റു ചെയ്യാം എന്ന സെഷനും ശ്രദ്ധ പിടിച്ചു പറ്റി.തൈറോകെയറിലെ ഡോ. എ വേലുമണിയോടെയാണ് രണ്ടാം ദിവസം ആരംഭിച്ചത്. ഇന്ത്യാമാർട്ടിന്റെ സഹസ്ഥാപകനായ ബ്രിജേഷ് അഗർവാൾ, വിജയത്തിന്റെ താക്കോലായി വിനയം ഊന്നിപ്പറഞ്ഞുകൊണ്ട് ശക്തമായ ആഖ്യാനത്തിലൂടെ പിന്തുടർന്നു. പ്രശസ്ത പത്രപ്രവർത്തകനായ ഫെയ് ഡിസൂസയുടെ ഒരു സർപ്രൈസ് സെഷൻ മീറ്റിന്റെ മാറ്റ് കൂട്ടി. ആതിഥേയരായ രാജീവ് തല്റേജ, കരൺ ഹസിജ എന്നിവരുമായുള്ള ചർച്ചയിൽ, ബിസിനസ്സ് വികസനത്തിൽ സവിശേഷമായ ഒരു വീക്ഷണം നൽകിക്കൊണ്ട്, എംഎസ്എംഇകളെ വിജയിപ്പിക്കുന്നതിന് പിന്നിലെ വെല്ലുവിളികളും കാഴ്ചപ്പാടുകളും അവർ ചർച്ച ചെയ്തു.

## പറന്നുയർന്ന് കേരള ടൂറിസം;

# ഹെലി ടൂറിസം പദ്ധതിക്ക് തുടക്കമായി

**നെടുമ്പാശ്ശേരി:** സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ഹെലി ടൂറിസം പദ്ധതിയ്ക്ക് തുടക്കമായി. നെടുമ്പാശ്ശേരിയിൽ നടന്ന ചടങ്ങിൽ ഹെലി ടൂറിസത്തിൻറെ ആദ്യ യാത്രക്കാർക്ക് ടിക്കറ്റ് നൽകിക്കൊണ്ട് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് പദ്ധതിയ്ക്ക് ഔദ്യോഗിക തുടക്കമിട്ടു.രാജ്യത്താദ്യമായി ഹെലി ടൂറിസം നയം സംസ്ഥാന സർക്കാർ പുറത്തിറക്കുമെന്ന് മന്ത്രി പറഞ്ഞു. ഹെലി ടൂറിസം സംബന്ധിച്ച സർക്കാരിൻറെ സമഗ്ര കാഴ്ചപ്പാട് ഇതിലൂടെ മുന്നോട്ടു വയ്ക്കാനാകും. ഈ മേഖലയിൽ സ്വകാര്യ നിക്ഷേപം വലിയ തോതിൽ ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുരവഞ്ചികൾക്കും കാരവാൻ ടൂറിസത്തിനും ശേഷം കേരള ടൂറിസം അവതരിപ്പിക്കുന്ന പുത്തൻ ഉത്പന്നമാണ് ഹെലി ടൂറിസം.ഹെലി ടൂറിസം സംബന്ധിച്ച വിവരങ്ങൾ നൽകുന്ന മൈക്രോസൈറ്റും മന്ത്രി പുറത്തിറക്കി. വിവിധ ഹെലി ഓപ്പറേറ്റർമാർ നൽകുന്ന പാക്കേജുകൾ, ട്രിപ്പുകളുടെ വിവരം, ബുക്കിംഗ് മുതലായവ ഇതിലൂടെ നടത്താൻ സാധിക്കും.വിദേശആഭ്യന്തര സഞ്ചാരികൾക്ക് സംസ്ഥാനത്തിൻറെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സമയം നഷ്ടപ്പെടാതെ കാണിക്കുക എന്ന കാഴ്ചപ്പാടാണ് ടൂറിസം വകുപ്പിനുള്ളത്. കേരളത്തിൻറെ ജനസാന്ദ്രത ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. സഞ്ചാരികൾക്ക് എല്ലായിടത്തും എത്തിച്ചേരാൻ സാധിക്കുന്നില്ല. ഇതിന് ഒരു പരിധി വരെ പരിഹാരമാണ് ഹെലി ടൂറിസമെന്നും മന്ത്രി പറഞ്ഞു.ഡോ. ജോഷി വർഗീസ്, സിമി വർഗീസ്, ആൻറണി, രശ്മി ആൻറണി എന്നിവരായിരുന്നു ആദ്യ യാത്രക്കാർ.വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് എളുപ്പത്തിൽ എത്താനും കേരളത്തിൻറെ തനത് വ്യത്യസ്തമായ കാഴ്ചകൾ ആസ്വദിക്കാനും ഹെലി ടൂറിസത്തിലൂടെ സാധിക്കും. വിനോദ സഞ്ചാരികളുടെ മാറുന്ന അഭിരുചികൾക്ക് അനുസരിച്ച് പുതിയ ടൂറിസം ഉത്പന്നങ്ങൾ കൊണ്ട് വരിക എന്നതാണ് വകുപ്പിൻറെ നയം.സുപ്രധാന ടൂറിസം കേന്ദ്രങ്ങൾക്കടുത്ത് നിലവിലുള്ള ഹെലിപാഡുകൾ കണ്ടെത്തി അവ ഹെലി ടൂറിസം പദ്ധതിക്കായി ഉപയോഗപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ചെയ്യുന്നത്. വ്യത്യസ്ത മേഖലകളിൽ ഹെലിപാഡുകൾ ഒരുക്കുന്ന രീതി അടുത്തിടെ വ്യാപകമാണ്. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ ടൂറിസം സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനാണ് ലക്ഷ്യം വയ്ക്കുന്നത്.പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ആണ് ഹെലി ടൂറിസം നടപ്പാക്കുന്നത്. ഈ മേഖലയിലെ ഓപ്പറേറ്റർമാരുമായി വിവിധ ഘട്ടങ്ങളിലായി ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ ചർച്ചകൾ നടത്തിയ ശേഷമാണ് പദ്ധതിക്ക് അന്തിമ രൂപം നൽകിയത്. ഇതിൻറെ ഫലമായി ആദ്യ ഘട്ടത്തിൽ നിലവിൽ പ്രവർത്തന സജ്ജമായ ഹെലിപാഡുകൾ കോർത്തിണക്കി കൊണ്ടുള്ള സർവീസുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്.സുരക്ഷാമാനദണ്ഡങ്ങളുടെ പാലനം, ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബിസിഎഎസ്) അംഗീകാരം, യാത്രക്കാരുടെ സുരക്ഷിതത്വം, തുടങ്ങിയവയുടെ പൂർണ ഉത്തരവാദിത്തം സർവീസ് നടത്തുന്ന ഏജൻസികൾക്കായിരിക്കും. സേവനദാതാക്കൾക്ക് ഉപഭോക്താക്കളിലേക്കെത്തുവാനുള്ള ഫെസിലിറ്റേറ്റർ ആയി ടൂറിസം വകുപ്പ് പ്രവർത്തിക്കും. ഇതിൻറെ ഭാഗമായി ഇതിനായി ഓപ്പറേറ്റർമാർ ധാരണാപത്രത്തിൽ ഒപ്പു വയ്ക്കണം.സംസ്ഥാനത്തിൻറെ തെക്കും വടക്കുമുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി കൊണ്ടുള്ള പ്രത്യേക പാക്കേജുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. സഞ്ചാരികളുടെ പ്രതികരണവും മറ്റ് സാങ്കേതികഘടകങ്ങളും പരിഗണിച്ച് തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ പുതിയ ഹെലിപാഡുകൾ ഒരുക്കുന്നതും പരിഗണനയിലാണ്. കെടിഐഎൽ(കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) ചെയർമാൻ എസ് കെ സജീഷ്, ടൂറിസം വകുപ്പ് സെക്രട്ടറി കെ ബിജു, കേരള ടൂറിസം ഡയറക്ടർ പി ബി നൂഹ്, അഡി. ഡയറക്ടർ എസ് പ്രേംകൃഷ്ണൻ, ജില്ലാകളക്ടർ എൻ എസ് കെ ഉമേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




# കാഴ്ചയുടെ വിരുന്നൊരുക്കി കൊച്ചിയുടെ ആദ്യ ലൈറ്റ്ഷോ



**കൊച്ചി:** അറബിക്കടലിൻറെ റാണിയ്ക്ക് നെക് ലസ് അണിഞ്ഞ പോലെയായിരുന്നു മറൈൻ ഡ്രൈവിൽ ആദ്യമായി നടന്ന ലൈറ്റ് ഷോ. സംസ്ഥാനത്തെത്തുന്ന സഞ്ചാരികളുടെ മനസിൽ കൊച്ചിയ്ക്ക് പ്രത്യേകമൊരിടമുണ്ടെന്ന് ഷോ ഉദ്ഘാടനം ചെയ്ത ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു.സംസ്ഥാനത്തേക്കെത്തുന്ന സഞ്ചാരികളിൽ ഏറ്റവുമധികം പേരെത്തുന്നത് എറണാകുളം ജില്ലയിലാണ്. കൊച്ചിയുടെ മനോഹാരിതയാണ് ഇതിന് പ്രധാന കാരണം. ഭക്ഷണതെരുവുകൾ കേരളത്തിലെ ടൂറിസം വ്യവസായത്തിൻറെ പ്രധാന ഘടകമാണ്. ഇത്തരം ഉദ്യമങ്ങൾക്ക് എല്ലാവിധ പിന്തുണയും സർക്കാരിൻറെ ഭാഗത്ത് നിന്നുണ്ടാകുമെന്നും മന്ത്രി പറഞ്ഞു. ചാമ്പ്യൻസ് ബോട്ട് ലീഗോടെ മറൈൻ ഡ്രൈവിന് കായിക വേദിയുടെ പകിട്ട് കൂടി നൽകിയെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന എറണാകുളം എംഎൽഎ ടി ജെ വിനോദ് പറഞ്ഞു. കൊവിഡ് കാലത്തിനു ശേഷം കൊച്ചിയും കേരളവും ശക്തമായി തിരികെയെത്തിയെന്ന് ഹൈബി ഈഡൻ എം പി പറഞ്ഞു. സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്ന ലൈറ്റ് ഷോയ്ക്കായി കൊച്ചിയെ തെരഞ്ഞെടുത്തത് ഏറെ സന്തോഷപ്രദമാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന മേയർ എം അനിൽകുമാർ പറഞ്ഞു. ജില്ലാകളക്ടർ എൻ എസ് കെ ഉമേഷ് നന്ദി അറിയിച്ചു. ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവരും സംബന്ധിച്ചു.ഏഴ് ദിവസമാണ് ലൈറ്റ് ഷോ നടക്കുന്നത്. 2024 ൻറെ വരവ് ഇക്കുറി ലൈറ്റ് ഷോയോടെയാകും കൊച്ചി ആഘോഷിക്കുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com